പുതുക്കിപ്പണി നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ പണി പുതുക്കിപ്പണി നടത്തേണ്ടതേ് അതതു സ്കൂളുകളുടെ അദ്ധ്യാപക രക്ഷകർത്തൃ സംഘടനകളാണ്.

പാഠ്യ പദ്ധതിയിൽ മാറ്റം വരുത്താൻ നടപടി

* 142 [145] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷം മുതൽ പാഠ്യ പദ്ധതിയിൽ സമഗ്രമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും ഏതുവിധത്തിലാണ് മാറ്റം വരുത്തുന്നതെന്നും വിശദമാക്കാമോ ;

(സി) മാറ്റം വരുത്തണമെന്നുള്ള നിർദ്ദേശം ഗവൺമെൻറിന് സമർപ്പിച്ചതാര് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുന്നതിനും അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര സാങ്കേതിക വിജ്ഞാനത്തിനനുസൃതമായും പാഠ്യപദ്ധതി പരിഷ്ക്കരിക്കണമെന്ന ഉദ്ദേശത്തിലാണ് 1983-84-ൽ പാഠപുസ്തകങ്ങൾ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചത്. 1984-85-ൽ 5-ും 8-ും ക്ലാസ്സുകളിലെ ഭാഷേതര വിഷയങ്ങളും 1985-86-ൽ 6-ും 9-ും ക്ലാസ്സുകളിലെ ഭാഷേതര വിഷയങ്ങളും 1-ാം ക്ലാസ്സിലെ പാഠാവലിയും പുതുക്കുകയുണ്ടായി. 1986-87-ൽ 7-ാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം, അടിസ്ഥാന ശാസ്ത്രം, അടിസ്ഥാന ഗണിതം എന്നീ വിഷയങ്ങളും 2-ാം ക്ലാസ്സിലെ പാഠാവലിയും 10-ാം ക്ലാസ്സിലെ രസതന്ത്രം, ഊർജ്ജതന്ത്രം, ജീവശാസ്ത്രം, ആരോഗ്യ ശാസ്ത്രം, ഭാരതവും ലോകചരിത്രവും, സാമ്പത്തിക ശാസ്ത്രവും പൊളിറ്റിക്കൽ സയൻസും, ഭൂമിശാസ്ത്രം, ഗണിതശാസ്ത്രം, ഇൻഡ്യൻ കൾച്ചർ എന്നീ പുസ്തകങ്ങളും മാറ്റം വരുത്തുന്നുണ്ട്. പ്രീ വൊക്കേഷണൽ വിഷയങ്ങൾ 9, 10 എന്നീ ക്ലാസ്സുകളിൽ നടപ്പിൽ വരുത്തും.

(സി) സർക്കാർ ഇതിലേക്ക് രൂപീകരിച്ചിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റി.

അബ്കാരി കോൺട്രാക്റ്റേഴ്സിനു നൽകിയ സ്റ്റേ ഉത്തരവുകൾ

* 143 [146] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം 1986 ഫെബ്രുവരി 28 വരെ അബ്കാരി കോൺട്രാക്റ്റേഴ്സിന് സ്റ്റേ കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് ;

(സി) എത്ര രൂപയ്ക്കുവീതം ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) അബ്കാരി കോൺട്രാക്റ്റേഴ്സിന് കുടിശിക അടയ്ക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 151 പേർക്ക്.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ വെള്ളം

* 144 [148] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസംഭരണികളിൽ 28-2-1986-ൽ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമുണ്ട് ;

(ബി) കാലവർഷം ആരംഭിക്കുന്നതുവരെ ഉപയോഗത്തിനുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമോ ;

(സി) ഇല്ലെങ്കിൽ വരും ഏപ്രിൽ, മേയ് മാസങ്ങളിൽ പവർകട്ട് വേണ്ടിവരുമോ ;

(ഡി) പവർകട്ട് ഒഴിവാക്കാൻ എന്തു നടപടികളാണ് എടുക്കാൻ പോകുന്നത് ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1500 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമുണ്ടായിരുന്നു.

(ബി) യഥാസമയം കാലവർഷം ആരംഭിക്കുന്നപക്ഷം ഇപ്പോഴത്തെ ജല സംഭരണികളിലുള്ള വെള്ളം അതുവരെ സംസ്ഥാനത്തിനാവശ്യത്തിനുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് മതിയാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) ഏപ്രിൽ 15-ാം തീയതിയോടുകൂടി സ്ഥിതിഗതികൾ ഒന്നുകൂടി വിലയിരുത്തുന്നതാണ്.

(ഡി) ഇന്നത്തെ നിലയ്ക്ക് പവർകട്ട് വേണ്ടിവരുമെന്ന് കരുതുന്നില്ല.

(iv) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

എൻ. ജി. ഒ. കാർട്ടേഴ്സ് സബ്ലെറ്റ് ചെയ്തിരിക്കുന്നതായി പരാതി

437 [627] ശ്രീ. കെ. കെ. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ജി. ഒ. മാർക്ക് വേണ്ടിയുള്ള തിരുവനന്തപുരത്തെ കൺറോൺമെന്റ് കോമ്പൗണ്ടിലെ ഏതെങ്കിലും കാർട്ടേഴ്സ് സബ്ലെറ്റ് ചെയ്തിരിക്കുന്നതായി പരാതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പരാതിയിൻമേൽ എന്ത് നടപടിയെടുത്തു ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റ് കാർട്ടേഴ്സ് അലോട്ടുമെന്റ് ചട്ടങ്ങളിലെ പ്രസക്തമായ വ്യവസ്ഥകൾക്കനുസരിച്ച് അന്വേഷണം നടത്തി വേണ്ട അനന്തര നടപടികളും സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly